ഉത്തരം

(എ) ഉണ്ട്.

(ബി) നിയമനം നടത്തിയ തസ്തികകളും എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു. †

മലബാർ സിമന്റ്സിൽ മസ്ദൂർ തസ്തികയിലെ നിയമനം

9 [3016] ശ്രീ. കളത്തിൽ അബ്ദുള്ള:

,, വി. കെ. ഇബ്രാഹിം കുഞ്ഞ്:

,, സി. ടി. അഹമ്മദ് അലി:

,, പി. കെ. കെ. ബാവ:

,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മസ്ദൂർ തസ്തികയിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ബി) നിയമനം ലഭിച്ചവരുടെയെല്ലാം വിലാസം ലഭ്യമാക്കാമോ;

(സി) ഇവരുടെ നിയമനത്തിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മലബാർ സിമന്റ്സിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മസ്ദൂർ തസ്തികയിൽ 102 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) നിയമനം ലഭിച്ചവരുടെ പേരും വിലാസവും അനുബന്ധമായി ചേർത്തിരിക്കുന്നു. ‡

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെയും പത്ര പരസ്യങ്ങളിലൂടെയും ഒഴിവുകൾ നോട്ടിഫൈ ചെയ്ത് 28-2-1992-ലെ 14896/BPE-2/91/Plg എന്ന സർക്കാർ സർക്കുലറിലെ വ്യവസ്ഥകൾ അനുസരിച്ചാണ് നിയമനം നടത്തിയിട്ടുള്ളത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

10 [3017] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, ഡോ. തോമസ് ഐസക്ക്:

,, മഞ്ഞളാംകുഴി അലി:

,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കേന്ദ്ര സർക്കാരിന്റെ നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതെങ്കിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനം സ്വകാര്യവൽക്കരിക്കാനായി നടപടി സ്വീകരിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† അനുബന്ധം III. ‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly